പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2061 **26-10-2026-ൽ മറുപടിയ്ക്ക്**

റേഷൻ വാങ്ങാത്തവരുടെ കാർഡുകൾ മരവിപ്പിക്കൽ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. അനുപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ആറു മാസം തുടർച്ചയായി റേഷൻ വാങ്ങാത്തവരുടെ റേഷൻ കാർഡുകൾ മരവിപ്പിക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശം കേരളത്തിലെ സാർവത്രികവും ശക്തവുമായ പൊതുവിതരണ സംവിധാനത്തെയും ഭക്ഷ്യസുരക്ഷയെയും എങ്ങനെയാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ; ആയത് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് ഉണ്ടാകുവാൻ ഇടയാക്കുമോ;

മറുപടി: 2015-ലെ ടാർഗറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (TPDS) കൺട്രോൾ ഓർഡറിന്റെ 2025-ലെ ഭേദഗതി പ്രകാരം, തുടർച്ചയായി ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തവരുടെയും ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടവരുടെയും കാർഡുകൾ മരവിപ്പിക്കുന്നതിനും തുടർന്നുള്ള മൂന്നു മാസത്തിനകം e-KYC പൂർത്തിയാക്കി അർഹത പുനഃസ്ഥാപിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 5,579 അന്ത്യോദയ അന്നയോജന (AAY), 38,708 മുൻഗണനാ വിഭാഗം (PHH) റേഷൻ കാർഡുകളിലെ ഗുണഭോക്താക്കളുടെ അർഹതാ പരിശോധന പുരോഗമിക്കുകയാണ്. നിലവിൽ പ്രസ്തുത കാർഡുകൾ മരവിപ്പിക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനാൽ സംസ്ഥാനത്തിന് അനുവദിക്കുന്ന കേന്ദ്ര ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവുണ്ടാകില്ല.

(ബി) കിടപ്പുരോഗികൾ, ദീർഘകാല ചികിത്സയിലുള്ളവർ, ഒറ്റയ്ക്ക് താമസിക്കുന്ന വയോധികർ, സംസ്ഥാനത്തിന് പുറത്ത് താൽക്കാലികമായി ജോലിക്കോ ചികിത്സാ ആവശ്യാർത്ഥമോ പോയവർ എന്നിവർക്ക് ആറു മാസം തുടർച്ചയായി റേഷൻ കടകളിൽ നേരിട്ടെത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നപക്ഷം അവരുടെ കാർഡുകൾ സംരക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭക്ഷ്യവകുപ്പ് ഒരുക്കിയിട്ടുള്ളതെന്നു അറിയിക്കുമോ?

മറുപടി: തുടർച്ചയായി ആറു മാസമായി റേഷൻ വിഹിതം കൈപ്പറ്റാത്തതും ഒന്നിലധികം റേഷൻ കാർഡുകളിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കേസുകളിൽ വിശദമായ പരിശോധന നടത്തി ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തിയശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. അർഹതയുള്ള ഗുണഭോക്താക്കളുടെ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽനിന്ന് സ്ഥിരമായി ഒഴിവാക്കുകയോ റദ്ദാക്കുകയോ ചെയ്യുന്നതല്ല. അർഹതയില്ലെന്ന് കണ്ടെത്തുന്നവരെ മാത്രമേ മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂ. ഇതിനായി നിശ്ചിത

സമയപരിധിക്കുള്ളിൽ e-KYC പൂർത്തിയാക്കി അർഹത തെളിയിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അവസരം നൽകുന്നുണ്ട്.

നേരിട്ട് റേഷൻ കടകളിലെത്തി റേഷൻ വിഹിതം കൈപ്പറ്റാൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് പ്രോക്സി സംവിധാനം മുഖേന റേഷൻ ലഭ്യമാക്കുന്നതിനുള്ള സൗകര്യം റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റത്തിൽ (RCMS) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിന് പുറത്ത് താൽക്കാലികമായി ജോലിക്കോ ചികിത്സയ്ക്കോ പോയിട്ടുള്ളവർക്ക് റേഷൻ കാർഡിൽ NRK സ്റ്റാറ്റസിൽ പേര് നിലനിർത്തുന്നതിനും നാട്ടിൽ സ്ഥിരതാമസമാകുന്ന മുറയ്ക്ക് പ്രസ്തുത സ്റ്റാറ്റസ് ഒഴിവാക്കുന്നതിനും സൗകര്യമുണ്ട്.

പ്രസ്തുത നടപടികളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിലുള്ള ആശങ്കകളും തെറ്റിദ്ധാരണകളും പരിഹരിക്കുന്നതിനും അർഹരായ ഗുണഭോക്താക്കളുടെ അവകാശങ്ങൾ സംബന്ധിച്ച് വ്യക്തത ഉറപ്പുവരുത്തുന്നതിനുമായി മാധ്യമങ്ങളിലൂടെയും ഔദ്യോഗിക അറിയിപ്പുകളിലൂടെയും ആവശ്യമായ വിവരങ്ങളും മാർഗനിർദേശങ്ങളും നൽകിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ